REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 01-10-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **ഇന്ന് മഹാനവമി. കേരളത്തിൽ നാളെ വിദ്യാരംഭം.**
- **റിസർവ് ബാങ്കിന്റെ ദ്വൈമാസ സാമ്പത്തിക നയ പ്രഖ്യാപനം രാവിലെ മുംബൈയിൽ.**
- **ഇന്ന് അന്താരാഷ്ട്ര വയോജന ദിനം.**
- **ഇടുക്കി കട്ടപ്പനയിൽ മാലിന്യ ടാങ്ക് വൃത്തിയാക്കുന്നതിനിടെ മൂന്ന് തൊഴിലാളികൾക്ക് ദാരുണാന്ത്യം.**
- **വനിതാ ലോകകപ്പ് ക്രിക്കറ്റിലെ ആദ്യ മത്സരത്തിൽ ഗോഹട്ടിയിൽ ഇന്ത്യ, ശ്രീലങ്കയെ 59 റൺസിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

ഇന്ന് മഹാനവമി. മഹിഷാസുരനെ നിഗ്രഹിച്ച ശക്തിസ്വരൂപിണിയായ ദുർഗ്ഗാദേവിയുടെ വിജയമാണ് മഹാനവമിയിലൂടെ അനുസ്മരിക്കുന്നത്.

ഒൻപത് രാത്രിയും പത്ത് പകലും നീളുന്ന നവരാത്രി ആഘോഷങ്ങൾക്ക് പരിസമാപ്തി കുറിച്ച് നാളെയാണ് വിജയദശമി. വിദ്യയ്ക്ക് പ്രാധാന്യം നൽകുന്ന കേരളത്തിൽ, നാളെ സരസ്വതീപൂജയോടെ വിദ്യാരംഭത്തിന് തുടക്കമാകും.

....ഡെസ്ക് റിപ്പോർട്ട്...

മഹാനവമിയോട് അനുബന്ധിച്ച് ദേവീക്ഷേത്രങ്ങളിൽ ഇന്ന് പ്രത്യേക പൂജകളും, ചടങ്ങുകളുമുണ്ടായിരിക്കും. കൊല്ലൂർ മുകാംബിക ക്ഷേത്രത്തിൽ നവരാത്രി രഥോത്സവം ഇന്നാണ്. കേരളത്തിൽ നിന്ന് ഒട്ടേറെ ഭക്തർ നവരാത്രി ആഘോഷങ്ങൾക്ക് കൊല്ലൂരിൽ എത്തിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി കൊല്ലം പിഷാരിക്കാവ്, വളയനാട് ദേവീക്ഷേത്രം, ചോറ്റാനിക്കര, കോട്ടയത്തെ പനച്ചിക്കാട് ദേവീക്ഷേത്രം, ചേർപ്പ് ഊരകം ക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളിലെല്ലാം മഹാനവമി- വിജയദശമി ആഘോഷങ്ങളിൽ പങ്കെടുക്കാൻ നിരവധി വിശ്വാസികൾ എത്തിക്കഴിഞ്ഞു. ഈ ക്ഷേത്രങ്ങളിൽ നാളെ പുലർച്ചെ എഴുത്തിനിരുത്ത് ആരംഭിക്കും. തിരൂർ തുഞ്ചൻ പറമ്പിലും നാളെ നൂറു കണക്കിന് കുരുന്നുകൾ ആദ്യാക്ഷരം കുറിയ്ക്കും.

✪✪✪

RSS ന്റെ ശതാബ്ദി ആഘോഷ പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ രാവിലെ പങ്കെടുക്കും. RSS ന്റെ ഇതിഹാസവും, സാംസ്കാരിക - സാമൂഹ്യ രംഗങ്ങളിലെ അതിന്റെ പ്രസക്തിയും, രാജ്യത്തിന് ഐക്യത്തിന് സംഘടന നൽകിയ സംഭാവനകളും കേന്ദ്രീകരിച്ചായിരിക്കും ആഘോഷം. ചടങ്ങിൽ RSS ന്റെ ശതവാർഷിക അനുസ്മരണ തപാൽ സ്റ്റാമ്പും, നാണയവും പ്രധാനമന്ത്രി പ്രകാശനം ചെയ്യും.

✪✪✪

റിസർവ് ബാങ്ക് ദ്വൈമാസ സാമ്പത്തിക നയം ഇന്ന് പ്രഖ്യാപിക്കും. രാജ്യത്തെ സാമ്പത്തിക സാഹചര്യങ്ങളും, വിപണിയും സൂക്ഷ്മമായി അവലോകനം ചെയ്യാൻ റിസർവ് ബാങ്കിന്റെ നയരൂപീകരണ സമിതി യോഗം തിങ്കളാഴ്ച മുംബൈയിൽ ആരംഭിച്ചിരുന്നു. രാവിലെ പത്തിന് RBI ഗവർണർ സഞ്ജയ് മൽഹോത്ര യോഗതീരുമാനങ്ങൾ അറിയിക്കും. ഓഗസ്റ്റിൽ ചേർന്ന RBI സമിതിയോഗം റിപ്പോനിരക്ക് അഞ്ചര ശതമാനമായി നിലനിർത്തുകയായിരുന്നു. നിരക്ക് നേരിയതോതിൽ കുറയ്ക്കാൻ സാധ്യതയുണ്ടെന്നാണ് സ്റ്റേറ്റ് ബാങ്കിന്റെ വിലയിരുത്തൽ.

✪✪✪

റിസർവ് ബാങ്ക് ഡെപ്യൂട്ടി ഗവർണറായി ഷിരിഷ് ചന്ദ്ര മുർമുവിനെ കേന്ദ്രഗവൺമെന്റ് നിയമിച്ചു. നിലവിൽ RBI എക്സിക്യൂട്ടീവ് ഡയറക്ടറാണ് അദ്ദേഹം. മൂന്നു വർഷത്തേക്കാണ് നിയമനം.

✪✪✪

കഴിഞ്ഞ മാസം 22 ന് പ്രാബല്യത്തിലായ പുതുതലമുറ ജി എസ് ടി പരിഷ്കരണ നടപടികൾ രാജ്യത്തെ എല്ലാ സമൂഹങ്ങൾക്കും ഗുണകരമാവുകയാണ്. രാജ്യത്തിന്റെ പരോക്ഷനികുതി സമ്പ്രദായം ലളിതമാക്കുന്നതിന്റെ സുപ്രധാന ചുവടുവെപ്പായാണ് പ്രധാനമന്തി നരേന്ദ്രമോദി പ്രഖ്യാപിച്ച GST പരിഷ്കരണത്തെ വിലയിരുത്തുന്നത്.

......(VOICE).........

സാധനങ്ങളുടെയും സേവനങ്ങളുടെയും നികുതി കുറച്ചത് സാധാരണക്കാർക്ക് വലിയ ആശ്വാസമാണ് നൽകുന്നത്. ഇലക്ട്രിക്കൽ-ഇലക്ട്രോണിക് ഉൽപ്പന്നങ്ങളുടെ നികുതി കുറച്ചതോടെ ഈ രംഗത്ത് വലിയ വിലക്കുറവുണ്ടായി. എയർ കണ്ടീഷണറുകൾ, ഡിഷ് വാഷർ എന്നിവയുടെ GST, 28 ശതമാനത്തിൽ നിന്നും 18 ശതമാനമായാണ് കുറച്ചത്. ഈ സുപ്രധാന നടപടി രാജ്യത്തെ മധ്യവർഗ കുടുംബങ്ങളുടെ സാമ്പത്തിക ഭാരം ലഘൂകരിച്ചു. ടെലിവിഷൻ, മോണിറ്ററുകൾ എന്നിവയുടെ നികുതിയും 28 ശതമാനത്തിൽ നിന്നും പതിനെട്ടായി കുറച്ചു. ഇത് ഉപകരണങ്ങളുടെ ആവശ്യം വർധിപ്പിക്കാനും വിപണി കൂടുതൽ ചലനാത്മകമാക്കാനും ഉപകരിച്ചു.

✪✪✪

രാജ്യത്ത് പുരോഗതിയും പരിവർത്തനവും കൊണ്ടുവരാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവണ്മെന്റ് അക്ഷീണം പ്രവർത്തിച്ചുവരികയാണ്. ആഗോള രംഗത്ത് ഇന്ത്യയുടെ ശബ്ദത്തിന് ആധികാരികത നൽകി, നേതൃത്വം ശക്തിപ്പെടുത്തിയ നരേന്ദ്രമോദി ഗവണ്മെന്റിന്റെ G-20 വിജയത്തെകുറിച്ചാണ് ആകാശവാണിയുടെസേവാ പർവ് പ്രത്യേക പരമ്പരയിൽ ഇന്ന് വിശദീകരിക്കുന്നത്.

.......(വോയ്സ്).........

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ഇന്ത്യ ആഗോളരംഗത്തെ ശക്തമായ സാന്നിധ്യമായി മാറിക്കഴിഞ്ഞു. 2023 ൽ G-20 അദ്ധ്യക്ഷപദവി ഇന്ത്യ ഏറ്റെടുത്തതോടെ ആഗോള ദക്ഷിണേഷ്യയുടെ ഐക്യവും ആഫ്രിക്കൻ യൂണിയന്റെ അംഗത്വവും ഉറപ്പാക്കാൻ കഴിഞ്ഞു. ആഗോള ജൈവ ഇന്ധന സഖ്യത്തിന് തുടക്കമിടാനും ഇന്ത്യയ്ക്ക് സാധിച്ചു.

‘വസുധൈവകുടുംബകം’ എന്ന സന്ദേശത്തോടെ നാഗരിക ധാർമ്മികതയും ആഗോള സഹകരണവും രാജ്യത്തിന് പ്രതിഫലിപ്പിക്കാനായി. നയപരമായ യോജിപ്പ്, വിശ്വസനീയ വ്യാപാര പങ്കാളിത്തം, കാലാവസ്ഥ വ്യതിയാനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് രാജ്യങ്ങൾക്കിടയിൽ കൂടുതൽ സഹകരണ മനോഭാവം വളർത്തി, 20 അംഗ രാജ്യങ്ങളെയും ചേർത്തുനിർത്താൻ ന്യൂഡൽഹി പ്രഖ്യാപനത്തിന് കഴിഞ്ഞു. ആഫ്രിക്കൻ യൂണിയനെ G-20 സ്ഥിരംഗമായി ഉൾപ്പെടുത്തിയതോടെ ആഗോള ജനസംഖ്യയുടെ എൺപത് ശതമാനത്തിന്റെയും പ്രാതിനിധ്യം സംഘടനയ്ക്ക് ലഭിച്ചു. ഇന്ത്യയുടെ അദ്ധ്യക്ഷ പദവി എല്ലാ ചെറിയ രാജ്യങ്ങൾക്കും ശബ്ദം നൽകാനും, അവരുടെ താൽപ്പര്യങ്ങൾ പ്രതിഫലിപ്പിക്കാനും G-20 യെ വേദിയാക്കി മാറ്റാൻ രാജ്യത്തിന് കഴിഞ്ഞു.

✪✪✪

കേന്ദ്ര ജീവനക്കാർക്കും, പെൻഷൻകാർക്കും ഏകീകൃത പെൻഷൻ പദ്ധതിയിലേക്ക് മാറാൻ അവസരം നൽകുന്ന സമയപരിധി രണ്ട് മാസത്തേക്ക് കൂടി നീട്ടി. നവംബർ 30 വരെയാണ് ഇതിന് സമയം നൽകിയിരിക്കുന്നത്. കുടുംബ പെൻഷൻകാർക്കും UPS ലേക്ക് മാറാം. നേരത്തെ UPS ലേക്ക് മാറാൻ അനുവദിച്ച സമയപരിധി ഇന്നലെ അവസാനിച്ചിരുന്നു.

✪✪✪

തമിഴ്നാട്ടിലെ എന്നൂര് BHEL താപവൈദ്യുതി നിലയത്തിൽ നിർമാണ പ്രവർത്തനങ്ങൾക്കിടെയുണ്ടായ അപകടത്തിൽ അസം സ്വദേശികളായ ഒൻപത് തൊഴിലാളികൾ മരിച്ചു. പൊന്നേരിയിൽ നിലയത്തിന്റെ നിർമ്മാണത്തിലിരുന്ന കമാനത്തിന്റെ ഇരുമ്പുതട്ട് തകർന്നാണ് അപകടമുണ്ടായത്. നിരവധി പേർക്ക് പരിക്കേറ്റു.

മരിച്ചവരുടെ കുടുംബങ്ങൾക്ക് തമിഴ്നാട് മുഖ്യമന്ത്രി MK സ്റ്റാലിൻ 10 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു.

അപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദുഃഖവും അനുശോചനവും അറിയിച്ചു. മരിച്ചവരുടെ ആശ്രിതർക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ടു ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് അമ്പതിനായിരം രൂപ വീതവും നൽകും.

✪✪✪

തമിഴ്നാട്ടിലെ കരൂരിൽ തിക്കിലും തിരക്കിലും 40 ലേറെ പേർ മരിച്ച സംഭവത്തിൽ തമിഴക വെട്രി കഴകം പാർട്ടി റാലിയ്ക്ക് പൊലീസ് ആവശ്യമായ സുരക്ഷ ഉറപ്പാക്കിയിരുന്നോ, എന്ന കാര്യത്തിൽ NDA വസ്തുതാന്വേഷണ സംഘം സംശയം പ്രകടിപ്പിച്ചു. ഇക്കാര്യം സാമൂഹ്യമാധ്യമങ്ങളിലൂടെ ചോദ്യം ചെയ്തവരെ തമിഴ്നാട് പൊലീസ് അറസ്റ്റ് ചെയ്തതായും സംഘം കുറ്റപ്പെടുത്തി. സംഭവം അന്വേഷിക്കാൻ തമിഴ്നാട് ഗവൺമെന്റ് ഏകാംഗ കമ്മീഷനെ നിയോഗിച്ച നടപടി ഉചിതമായില്ലെന്നും സംഘാംഗമായ, മുൻ കേന്ദ്രമന്ത്രി അനുരാഗ് സിംഗ് ഠാക്കൂർ അഭിപ്രായപ്പെട്ടു. ദുരന്തം CBI അന്വേഷിക്കണമെന്നും ഠാക്കൂർ ആവശ്യപ്പെട്ടു.

✪✪✪

ഇന്ന് അന്താരാഷ്ട്ര വയോജന ദിനം. മുതിർന്ന തലമുറയുടെ സംഭാവനകൾ ഓർമ്മിക്കാനും, അവരെ ആദരിക്കാനും, മുതിർന്ന പൗരന്മാർ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്താനുമാണ് ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ ഒക്ടോബർ ഒന്നിന് വയോജന ദിനം

ആചരിക്കുന്നത്. 'വാർദ്ധക്യവും അന്തസ്സും ' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. മുതിർന്ന പൗരന്മാർക്ക് പ്രശ്നരഹിതമായ ജീവിതസാഹചര്യങ്ങൾ ഒരുക്കുന്നതിന് കേന്ദ്രഗവൺമെന്റ് നിരവധി പദ്ധതികൾ നടപ്പാക്കിവരികയാണ്.

✪✪✪

കണ്ണൂർ ചൊവ്വയിലെ നവീകരിച്ച സഹകരണ സ്പിന്നിങ് മിൽ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 40 വർഷത്തിലേറെ പഴകിയ ഉപകരണങ്ങൾ മാറ്റിയാണ് മിൽ നവീകരിച്ചത്. 225 സ്ഥിരം ജീവനക്കാർ സ്പിന്നിംഗ് മില്ലിൽ ജോലി ചെയ്യുന്നുണ്ട്.

✪✪✪

CPIM നേതാക്കളായ കോടിയേരി ബാലകൃഷ്ണൻ, CH കണാരൻ എന്നിവരുടെ അനുസ്മരണ പരിപാടി 'ചിര സ്മരണ' വൈകിട്ട് തലശ്ശേരിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കോടിയേരിയുടെ ചരമദിനമായ ഇന്ന് കണ്ണൂർ പയ്യാമ്പലം സ്മൃതി മണ്ഡപത്തിൽ സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ ഉൾപ്പെടെ നേതാക്കൾ പുഷ്പാർച്ചന നടത്തും.

CPIM ന്റെ നേതൃത്വത്തിൽ ഇന്ന് മുതൽ ഒക്ടോബർ 20 വരെയാണ് 'ചിര സ്മരണ' പരിപാടികൾ സംഘടിപ്പിക്കുന്നത്.

✪✪✪

ഇടുക്കി കട്ടപ്പനയിൽ ഇന്നലെ രാത്രി ഹോട്ടലിന്റെ മാലിന്യ ടാങ്ക് വൃത്തിയാക്കുന്നതിനിടെ മൂന്ന് തൊഴിലാളികൾ ശ്വാസം മുട്ടി മരിച്ചു. തമിഴ്നാട് കമ്പം സ്വദേശി ജയറാം, ഗൂഡല്ലൂർ സ്വദേശി സെൽവം എന്നിവരും, ഇവരുടെ സുഹൃത്തുമാണ് മരിച്ചത്. ഓടയോട് ചേർന്ന മാലിന്യ കുഴിയിലെ ആൾനൂഴിയിലിറങ്ങി കുടുങ്ങിയ ആളെ രക്ഷിക്കാൻ ഇറങ്ങിയ മറ്റ് രണ്ട് പേരും ടാങ്കിൽ അകപ്പെടുകയായിരുന്നു.

കട്ടപ്പന ഫയർഫോഴ്സും പൊലീസും നാട്ടുകാരും കോൺക്രീറ്റ് പാളികൾ മാറ്റി മൂന്നു പേരെയും പുറത്തെടുത്തെങ്കിലും, ആരെയും രക്ഷിക്കാനായില്ല. മൃതദേഹങ്ങൾ കട്ടപ്പന താലൂക്ക് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

✪✪✪

വനിതാ ലോകകപ്പ് ക്രിക്കറ്റിലെ ആദ്യ മത്സരത്തിൽ ഇന്ത്യ, ശ്രീലങ്കയെ 59 റൺസിന് തോൽപ്പിച്ചു. ഗോഹട്ടിയിൽ മഴയെത്തുടർന്ന് തടസ്സപ്പെട്ട മത്സരത്തിൽ 271 റൺസ് വിജയലക്ഷ്യവുമായി കളിക്കാനിറങ്ങിയ ശ്രീലങ്ക, 45.4 ഓവറിൽ 215 റൺസിന് പുറത്തായി. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ, 47 ഓവറിൽ

എട്ട് വിക്കറ്റിന് 269 റൺസെടുത്തിരുന്നു. ഇന്ത്യയുടെ ദീപ്തി ശർമ്മയാണ് മത്സരത്തിലെ മികച്ച താരം.

✪✪✪

ഏഷ്യാകപ്പ് ക്രിക്കറ്റ് ട്രോഫി സമാപന ചടങ്ങിൽ ഏഷ്യൻ ക്രിക്കറ്റ് കൗൺസിൽ ചെയർമാനും, പാകിസ്ഥാൻ മന്ത്രിയുമായ മൊഹസിൻ നഖ്‌വിയുടെ നാടകീയ നടപടിക്കെതിരെ ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് പരാതി നൽകി. ജേതാക്കൾക്ക് സമ്മാനിക്കേണ്ട ട്രോഫി പാകിസ്ഥാനിലേക്ക് കൊണ്ടുപോയ നടപടിയെ ഏഷ്യൻ ക്രിക്കറ്റ് കൗൺസിൽ യോഗത്തിൽ ഇന്ത്യൻ പ്രതിനിധി രാജീവ് ശുക്ല ശക്തമായി ഉന്നയിച്ചു.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോൾ രണ്ടാം സീസൺ നാളെ കോഴിക്കോട്ട് ആരംഭിക്കും. EMS സ്റ്റേഡിയത്തിൽ രാത്രി എട്ടിന് നിലവിൽ ജേതാക്കളായ കാലിക്കറ്റ് FC, രണ്ടാം സ്ഥാനക്കാരായ കൊച്ചി FC യെ നേരിടും.

✪✪✪

എയർ ഇന്ത്യ എക്സ്പ്രസ് ശൈത്യകാല ഷെഡ്യൂളിൽ സംസ്ഥാനത്തെ എഴുപത്തിയഞ്ചിലധികം ഫ്ലൈറ്റുകൾ റദ്ദാക്കിയത് കേരളത്തോട് പുലർത്തുന്ന കടുത്ത അവഗണനയാണെന്ന് MK രാഘവൻ MP കുറ്റപ്പെടുത്തി. ഇത് പ്രവാസികളെ വെല്ലുവിളിക്കുന്ന നടപടിയാണെന്നും അദ്ദേഹം പറഞ്ഞു. വിഷയത്തിൽ അടിയന്തരമായി ഇടപെടണമെന്ന് വ്യോമയാന മന്ത്രി റാം മോഹൻ നായിഡുവിനോട് ആവശ്യപ്പെട്ടതായും MK രാഘവൻ പറഞ്ഞു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs : ഫസ്ന ഫാത്തിമ*
*DEO : ഷീബ*